# അക്കാദമിക മാസ്റ്റർപ്ലാൻ

# 2025 - 26

## ഗവ. വെൽഫെയർ. എൽ. പി. എസ്.

## അടോട്ടുകയ.

സ്കൂളിന്റെ പേര് :- ഗവ.വെൽഫെയർ എൽ പി സ്കൂൾ അടോട്ടുകയ

സ്കൂൾ ആരംഭിച്ച വർഷം :- 1960 ഒക്ടോബർ 6

പഞ്ചായത്ത് :- കള്ളാർ

ബ്ലോക്ക് :- പരപ്പ

ജില്ല :- കാസർഗോഡ്

ഉപജില്ല :- ഹൊസ്ദുർഗ്

ബി ആർ സി :- ഹൊസ്ദുർഗ്

ഹെഡ്മാസ്റ്റർ :- ബാലചന്ദ്രൻ . എൻ

ഫോൺ നമ്പർ :- 9495697069

സ്കൂൾ ഇ മെയിൽ :- 12301gwlpsadotkaya@gmail.com

സ്കൂൾ കോഡ് :- 12301

G.W.L.P SCHOOL P.O MALAKKALLU DI......... ADOTTUKAYA

Headmaster
G.W.L.P.School Adottukaya
P.O.Malakkallu

അക്കാദമിക മാസ്റ്റർ പ്ലാൻ - ലക്ഷ്യങ്ങൾ

- 1 മുതൽ 4 വരെ ക്ലാസുകളിലെ ഓരോ കുട്ടിക്കും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയം എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടൽ.

- എല്ലാ ക്ലാസിലെയും കുട്ടികളുടെ ആശയഗ്രഹണ വായനാശേഷി വളർത്തുക

- എല്ലാ കുട്ടികളെയും തെറ്റുകളില്ലാത്ത അതാതു ക്ലാസിന്റെ നിലവാരത്തിലുള്ള വ്യവഹാര രൂപങ്ങൾ തയ്യാറാക്കാൻ പ്രാപ്തരാക്കുക.

- വർഷാവസാനം സ്വതന്ത്രമായ ലേഖനത്തിലൂടെ സൃഷ്ടികൾ തയ്യാറാക്കുന്നതിനും അവതരിപ്പിക്കുന്നതിനും കുട്ടികളെ പ്രാപ്തരാക്കുക.

താൽപര്യത്തോടെ സർഗാത്മക പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നതിന് കഴിവുള്ളവരാക്കുക.

അതാതു ക്ലാസിൽ നേടേണ്ട ഭാഷ-ഗണിത ശേഷികൾ നേടിയെന്ന് ഉറപ്പുവരുത്തുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ നൽകുക.

# മുന്നൊരുക്കം

* പ്രീ ടെസ്റ്റ്

* എന്റെ കുട്ടികൾ (അക്കാദമിക അക്കാദമികേതര വിവരങ്ങൾ) രക്ഷിതാക്കളെ ബോധ്യപ്പെടുത്തി അവരുടെ പിന്തുണ ഉറപ്പാക്കുന്നു.

* 02ാം തിയതി മുതൽ 13ാം തിയതി വരെ സന്നദ്ധത പ്രവർത്തനങ്ങൾ

* പൊതു വിഷയങ്ങൾ - അവബോധം - കുട്ടികൾക്ക്

# പൊതു വിശകലനം

സാമ്പത്തികപരമായും സാമൂഹികപരമാ-യും പിന്നോക്കം നിൽക്കുന്ന കുട്ടികളാണ് കൂടുതലാ-യും ഈ വിദ്യാലയത്തിൽ എത്തുന്നത്. എന്നാൽ ആ കുട്ടികൾ വളരെ നിഷ്കളങ്കരും ആത്മാർത്ഥ-യുള്ളവരുമാണ്. 1 മുതൽ 4 വരെയുള്ള ക്ലാസു-കളിൽ ആകെ 31 കുട്ടികൾ മാത്രമാണുള്ളത്. 31 കുട്ടികളിൽ 15 ആൺകുട്ടികളും 16 പെൺകുട്ടികളു-മാണുള്ളത്. ഒന്നാം ക്ലാസിൽ 5 പേർ, രണ്ടാം ക്ലാസിൽ 7 പേർ, മൂന്നാം ക്ലാസിൽ 12 പേർ, നാലാം ക്ലാസിൽ 7 പേർ എന്നിങ്ങനെയാണ് കുട്ടികളുടെ എണ്ണം. ഭൗതിക സാഹചര്യങ്ങൾ മികവുറ്റതാണെങ്കിലും കുട്ടികൾ ഇല്ലാത്തത് വളരെ വിഷമകരമായ അവസ്ഥ-യാണ്.

## പഠന വിശകലനം

* കുട്ടികൾക്ക് വാചികമായി ഭാഷ പ്രയോഗിക്കാനുള്ള ശേഷി മെച്ചപ്പെടുത്തുവാനുണ്ട്
* ലേഖനത്തിൽ ധാരാളം തെറ്റുകൾ വരുന്നുണ്ട്
* കുട്ടികൾ വായന മെച്ചപ്പെടുത്തേണ്ടതുണ്ട്
* കുട്ടികളെ എല്ലാകാര്യത്തിലും ഒന്ന് മെച്ചപ്പെടു-ത്തുവാനുണ്ട്.

# ചരിത്രം

കള്ളാർ ഗ്രാമപഞ്ചായത്തിലെ മലയോര ഗ്രാമമായ അടോട്ടുകയയിൽ സ്ഥിതി ചെയ്യുന്ന വിദ്യാലയമാണ് ഗവ. വെൽഫെയർ എൽ പി സ്കൂൾ അടോട്ടുകയ. സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നിൽക്കുന്ന പ്രദേശത്തെ ഈ സർക്കാർ വിദ്യാലയത്തിന് സമ്പന്നമായ ഒരു ചരിത്രമുണ്ട്. 1960 ഒക്ടോബർ 6-ാം തിയതി ഒന്നാം ക്ലാസ് മാത്രമായി തുടങ്ങി. പിന്നീട് 1963-64 ൽ ഒന്നുമുതൽ 4 വരെ ക്ലാസുള്ള എൽ പി സ്കൂളായി അംഗീകരിക്കപ്പെട്ടു. ഹരിജൻ വെൽഫെയർ ഡിപ്പാർട്ട്മെന്റിന്റെ കീഴിലായിരുന്ന ഈ വിദ്യാലയം ഇന്ന് സെന്റ്. തോമസ് പള്ളി സ്ഥിതി ചെയ്യുന്ന സ്ഥലത്തായിരുന്നു. 1976ൽ ഇരിയ കേശവതന്ത്രി സൗജന്യമായി നല്കിയ സ്ഥലത്തേക്ക് വിദ്യാലയം മാറി. 1997 ൽ പി. ഡബ്ല്യു ഡി 5 മുറികളുള്ള കോൺക്രീറ്റ് കെട്ടിടം നിർമ്മിച്ചു നൽകി. 2010 ൽ സുവർണ്ണ ജൂബിലി ആഘോഷിച്ചു.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| • ആശയ ഗ്രഹണ വായനാശേഷി നേടിയെടുക്കൽ.<br><br>• വ്യത്യസ്ത വ്യവഹാര രൂപങ്ങൾ തയ്യാറാക്കൽ.<br><br>• ആനുകാലിക സംഭവങ്ങളെക്കുറിച്ച് ധാരണയുണ്ടാക്കൽ. | • അക്ഷരക്കാർഡുകൾ, പദക്കാർഡുകൾ, വായനാകാർഡുകൾ, ലൈബ്രറി പുസ്തകങ്ങൾ മുതലായവ ക്ലാസ് മുറിയിൽ ലഭ്യമാക്കി വായനയ്ക്കുള്ള അവസരം ഒരുക്കുന്നു.<br>• വാക്യനിർമ്മാണം.<br>• ലൈബ്രറി പുസ്തകങ്ങൾ വായിച്ച് വായനാക്കുറിപ്പ് തയ്യാറാക്കി അവതരിപ്പിക്കൽ.<br>• കഥയെ ചിത്രങ്ങളാക്കൽ.<br>• ചിത്രങ്ങളെ കഥയാക്കുന്നു.<br>• കഥാ രംഗങ്ങളെ രംഗാവിഷ്കാരം ചെയ്യുന്നു.<br>• ചോദ്യങ്ങൾ തയ്യാറാക്കൽ.<br>• ഗദ്യഭാഗം വൈറ്റ് ബോർഡിൽ പ്രദർശിപ്പിച്ച് വായിക്കൽ.<br>• കുട്ടികളുടെ വായനാ മത്സരങ്ങൾ സംഘടിപ്പിക്കൽ.<br>• അതാത് ദിവസത്തെ സ്കൂൾ വാർത്ത വായിക്കൽ<br>• ദിനപത്രങ്ങൾ വായിക്കുകയും പ്രധാന വാർത്തകൾ ക്ലാസ്, അസംബ്ലി എന്നിവടങ്ങളിൽ അവതരിപ്പിക്കാനും ചർച്ച ചെയ്യാനും അവസരം നൽകുന്നു. | ജൂൺ മുതൽ മാർച്ച് വരെ<br><br><br><br><br>" | SRG, PTA, MPTA SSG.<br><br><br><br><br>SRG |

| | | |
|---|---|---|
| • പ്രതിവാര പ്രശ്നോത്തരി – എല്ലാ ആഴ്ചയിലും ചോദ്യങ്ങൾ നൽകുകയും ചോദ്യങ്ങളെ ആസ്പദമാക്കി ക്വിസ് മത്സരം സംഘടിപ്പിക്കുകയും ചെയ്യുന്നു. | June – March. | SRG |
| • വായനയുമായി ബന്ധപ്പെട്ട വർക്ക് ഷീറ്റുകൾ നൽകുന്നു. | ” | SRG |
| • ഡയറി എഴുതൽ. | ” | ” |
| • പോസ്റ്റർ തയ്യാറാക്കൽ – കൊടുക്കുന്ന വിഷയത്തിനനുസരിച്ച്. | ” | ” |
| • കത്ത്, വിവരണം, യാത്രാവിവരണം-തയ്യാറാക്കൽ | | |
| • ആത്മകഥ, ജീവചരിത്രക്കുറിപ്പ്, ആസ്വാദനക്കുറിപ്പ്, വാങ്മയ ചിത്രങ്ങൾ. | | |
| • സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി, ഗൃഹലൈബ്രറി, അമ്മ വായന – ഇവ പ്രോത്സാഹിപ്പിക്കൽ. | | |
| • പ്രസംഗം തയ്യാറാക്കൽ, അവതരിപ്പിക്കൽ. | | |
| • കടങ്കഥാ മത്സരം സംഘടിപ്പിക്കൽ. | | |
| • പതിപ്പ് തയ്യാറാക്കൽ – പ്രദർശിപ്പിക്കൽ. | | |

# അക്കാദമിക മാസ്റ്റർ പ്ലാൻ - ഗണിതം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ. | കാലം | ചുമതല |
|---|---|---|---|
| കുട്ടികളിലെ ഗണിതാഭിരുചിയും താല്പര്യവും വളർത്തുന്നതിന്. | • പഠനോപകരണ നിർമ്മാണം.<br>• ശില്പശാല<br>• ഗണിത കിറ്റ് – പഠനോപകരണങ്ങൾ നിർമ്മിക്കുന്നു, ശേഖരിക്കുന്നു, പഠനകിറ്റിൽ ഉൾപ്പെടുത്തുന്നു, ഗണിത ചാർട്ടുകൾ.<br>• ഉല്ലാസഗണിതം, ഗണിത വിജയം പ്രവർത്തനങ്ങൾ.<br>• ഗണിതമൂല - പത്ര കട്ടിംഗുകൾ, ഗണിത പഠനോപകരണങ്ങൾ, ഗണിത ശാസ്ത്ര-ജ്ഞരുടെ ചിത്രങ്ങൾ, ജീവചരിത്രം എന്നിവ ഗണിത മൂലയിൽ ലഭ്യമാക്കുന്നു.<br>• ICT മുഖാന്തിരമുളള ഗണിതകളികൾ.<br>• ഗണിത കളികൾ<br>• ഗണിത പാട്ടുകൾ അവതരിപ്പിക്കൽ<br>• പസിലുകൾ, മനക്കണക്ക്.<br>• പതിപ്പ് തയ്യാറാക്കൽ. | | SRG, PTA, MPTA. |

# അക്കാദമിക മാസ്റ്റർ പ്ലാൻ - English.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ICT Spoken English ക്ലാസ്സുകളും വർക്ക്ഷീറ്റുകളും നൽകി ഇംഗ്ലീഷ് ഭാഷയിൽ നൈപുണ്യം ഉണ്ടാക്കുന്നതിനും ഭാഷ കൈകാര്യം ചെയ്യുന്നതിനും കുട്ടികളെ പ്രാപ്തരാക്കുക. | • Spoken English classes. - English ഭാഷ കൈകാര്യം ചെയ്യുക എന്നതിനുവേണ്ടി ICT മുഖാന്തിരം സ്പോക്കൺ ഇംഗ്ലീഷ് ക്ലാസുകൾ പ്രദർശിപ്പിക്കുന്നു<br>• Moral stories : കുട്ടികളിൽ സാന്മാർഗിക മൂല്യം വളർത്തുന്നതിന് സാന്മാർഗിക കഥകൾ പറഞ്ഞു കൊടുക്കുന്നു.<br>• ഇംഗ്ലീഷിൽ അസംബ്ലി സംഘടിപ്പിക്കുന്നു.<br>• Pupped theature.<br>• Worksheets.<br>• Diary.<br>• Puzzles : | | |

# അക്കാദമിക മാസ്റ്റർ പ്ലാൻ - ശാസ്ത്രം/സാമൂഹ്യശാസ്ത്രം.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല. |
| --- | --- | --- | --- |
| • പരീക്ഷണ നിരീക്ഷണങ്ങളിലൂടെ കുട്ടികളിൽ ശാസ്ത്രബോധം വളർത്തുക.<br>• ലഘു പരീക്ഷണങ്ങൾ ചെയ്യാൻ പ്രാപ്തരാക്കുക.<br>• പ്രാദേശിക കലാരൂപങ്ങൾ പരിചയപ്പെടുന്നതിനും താല്പര്യം ജനിപ്പിക്കുന്നതിനും പ്രഗത്ഭരായ പ്രാദേശിക കലാകാരൻമാരുടെ സേവനം ലഭ്യമാക്കുക. | • ലഘു പരീക്ഷണങ്ങൾ നടത്തുക.<br>• പ്രതിവാര സയൻസ് ക്ലബ് മീറ്റിംഗ്.<br>• ഹരിത ക്ലബ് - പച്ചക്കറി, പൂന്തോട്ടനിർമ്മാണം, ഔഷധ സസ്യത്തോട്ടം ഇവയിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പു വരുത്തുന്നു.<br>• പ്രകൃതി നിരീക്ഷണം.<br>• ഫീൽഡ് ട്രിപ്പ്.<br>• പഠനയാത്ര സംഘടിപ്പിക്കുന്നു.<br>• ദിനാചരണ പതിപ്പുകൾ തയ്യാറാക്കുന്നു.<br>• ആൽബ നിർമ്മാണം.<br>• കളിക്ഷണങ്ങൾ.<br>• പ്രാദേശിക കലാരൂപങ്ങളുടെ പരിശീലനം നൽകൽ. | | |

അക്കാദമിക മാസ്റ്റർ പ്ലാൻ – കലാകായികം, Work Experience.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല. |
|---|---|---|---|
| • കുട്ടികളെ കലാ കായിക രംഗത്ത് മികവുള്ളവരാക്കുക. | • വിവിധ കായിക ഇനങ്ങളിൽ പരിശീലനം കൊടുക്കുന്നു.<br>• കളികളിൽ ഏർപ്പെടുന്നു.<br>• കായിക മത്സരങ്ങൾ സംഘടിപ്പിക്കുന്നു | | |
| • കുട്ടികളിലെ വ്യത്യസ്ത കലാ-വാസനകൾ പരിപോഷിപ്പിക്കൽ | • കലാ പ്രവർത്തനങ്ങൾക്ക് പരിശീലനം നൽകുന്നു.<br>• കുട്ടികളിലെ കലാവാസനകൾ പ്രദർശിപ്പിക്കൽ, വേദിയൊരുക്കൽ. | | |
| • പാഴ്വസ്തുക്കളും പേപ്പറുകളും ഉപയോഗിച്ച് കൗതുക വസ്തുക്കൾ നിർമ്മിക്കുന്നതിന് പ്രാപ്തിയുള്ളവരാക്കുക. | • പാഴ്വസ്തുക്കൾ ഉപയോഗിച്ച് വിവിധ അലങ്കാര വസ്തുക്കൾ നിർമ്മിക്കുന്നു. പേപ്പറുകൾ ഉപയോഗിച്ച് പൂക്കൾ നിർമ്മിക്കാൻ പരിശീലനം നൽകുന്നു. | | |
| • സാന്മാർഗ്ഗിക മൂല്യങ്ങൾ കുട്ടികളിൽ വളർത്തുക | • പാഴ്വസ്തുക്കൾ വലിച്ചെറിയാതെ അവ കൊണ്ട് ഭംഗിയുള്ള മറ്റ് വസ്തുക്കൾ ഉണ്ടാക്കാം എന്ന ധാരണ കുട്ടികളിൽ ജനിപ്പിക്കുന്നു. | | |

G.W.L.P SCHOOL P.O. ...AKKALLU

Headmaster
G.W.L.P. School
P.O. Malakkallu